**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>(1) **സമഗ്ര സഹകരണ നിയമ പരിഷ്കരണം**<br><br>സഹകരണ മേഖലയുടെ വികാസപരിണാമം കണിക്കിലെടുത്ത് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക, സംഘങ്ങളുടെ നിക്ഷേപം ഫലപ്രദമായി വിനിയോഗിച്ച് സഹകരണ മേഖലയുടെയും സംസ്ഥാനത്തിന്റെയും സുസ്ഥിര വികസനം ഉറപ്പുവരുത്തുക, ഓഡിറ്റ് നവീകരിക്കുക, സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരിക, ദുർബലമായ സംഘങ്ങളെ ശാസ്ത്രീയമായി നവീകരിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള സമഗ്ര സഹകരണ നിയമ ഭേദഗതി ബിൽ കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹു.സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്.<br><br>(2) **കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി**<br><br>വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, നല്ല നിർദ്ദേശങ്ങളുടേയും പദ്ധതികളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും |

സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**(3) <u>കേരള ബാങ്കിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.</u>**

- കാർഷിക ആവശ്യങ്ങൾക്കായി കേരള ബാങ്ക് മുഖേന KCC വായ്പയും, **Kisan Mitra** വായ്പയും (3 ലക്ഷത്തിന് മുകളിൽ) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്വർണ്ണപ്പണയത്തിന്മേൽ **Kisan Credit Card** പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് പരമാവധി 3 ലക്ഷം രൂപ വരെയും ഓവർഡ്രാഫ്റ്റ് രീതിയിൽ അനുവദിക്കുന്ന ഹ്രസ്വകാല വായ്പകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- കാർഷിക/കാർഷിക അനുബന്ധ മേഖലയിലെ ഇടത്തരം/ദീർഘകാല വായ്പാ ആവശ്യങ്ങൾക്ക് നബാർഡ് ധനസഹായത്തോടെ **KB ദീർഘകാല കാർഷിക വായ്പയും** അനുവദിക്കുന്നുണ്ട്.
- കാർഷിക മേഖലയിൽ നബാർഡ് ധനസഹായത്തോടെ 4% പലിശ നിരക്കിൽ അനുവദിച്ച് വരുന്ന **PACS as MSC** സ്കീമിൽ ഉൾപ്പെടുത്തിയ വിള സംരംഭ ആവശ്യങ്ങൾക്കായി PACS കൾക്ക് വായ്പ വിതരണം ചെയ്തുവരുന്നു. പ്രസ്തുത വായ്പാ പദ്ധതി പ്രകാരം 3% പലിശ ഇളവ് കൃത്യമായ വായ്പാ തിരിച്ചടവിന് നബാർഡിൽ നിന്നും ലഭിക്കുന്നതാണ്.
- **VFPCK** (Vegetable and Fruit Promotion Council Keralam) ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി **Kisan Mitra (VFPCK)** പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.
- യുവസംരംഭകരുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പാദന,

സേവന, വിപണന മേഖലയിൽ ബിസിനസ്സ് ആരംഭിക്കുന്നതിനും നിലവിലുള്ള ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും 40 ലക്ഷം രൂപ വരെ **Mitra, Yuva Mitra** പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

- **MSME വായ്പകളും, SMART വായ്പാ പദ്ധതി** പ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിലും വായ്പകൾ അനുവദിച്ച് വരുന്നുണ്ട്.
- **Norka Roots** മായി സഹകരിച്ച് പലിശ/ ക്യാപ്പിറ്റൽ സബ്സിഡിയോട് കൂടി **KB-Pravasi Kiran, KB-Pravasi Bhadratha** വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് വൈദഗ്ധ്യം നേടുന്നതിന് ASAP **മായി സഹകരിച്ച് KB-Skill Loan പദ്ധതി** ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- തെരുവു കച്ചവടക്കാരുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി **PM SVA Nidhi** വായ്പയും നടപ്പിലാക്കിയിട്ടുണ്ട്.
- മൂല്യ വർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പക്കൽ സമ്പദ് ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കൊണ്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് **KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി** ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
- കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വിളകൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 100 പുതിയ **FPO (Farmers Producers Organisation)** കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് ബാങ്ക് രൂപം നൽകിയിട്ടുണ്ട്.
- ഉൽപ്പാദന സേവന പ്രവർത്തനങ്ങൾക്ക് പിൻബലം നൽകികൊണ്ട് വനിതകളുടെ ശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീ വനിതാ സംഘങ്ങൾക്ക് **KB- Microfinance വായ്പ** അനുവദിച്ച് നൽകി വരുന്നു
- കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് സംരംഭക വായ്പയായി 20 ലക്ഷം രൂപ വരെ നൽകുന്നു.

- **Joint Liability Group കൾക്ക്** 10 ലക്ഷം രൂപ വരെ **JLG വായ്പയായി** അനുവദിക്കുന്നുണ്ട്.
- സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി KB-Vanitha Plus ബിസിനസ്സ് വായ്പ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.
- ഫുഡ് കാറ്ററിംഗ് , ബ്യൂട്ടി പാർലർ, തയ്യൽ, ഡേ-കെയർ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി ബന്ധപ്പെട്ട മേഖലകളിൽ വായ്പ അനുവദിക്കുന്നുണ്ട്.
- ചെറുകിട സംരംഭകർക്ക് വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി **5 ലക്ഷം രൂപ വരെ** ലഘു ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നു.
- **KB-Suvidha Plus വായ്പാ** പദ്ധതി പ്രകാരം 2 ലക്ഷം രൂപ വരെ ചെറുകിട കച്ചവടക്കാർക്കും 5 ലക്ഷം വരെ ഇടത്തരം സംരംഭകർക്കും വായ്പ അനുവദിക്കുന്നു.
- കാർഷിക സംസ്കരണ മേഖലയിലും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങൾക്കായുള്ള വായ്പാ സഹായം നൽകുന്നതിന് **KB-Micro food processing** വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോട് കൂടി നടപ്പിലാക്കിയിട്ടുണ്ട്.

**(4) <u>ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തുന്ന പദ്ധതി.</u>**

സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാണ്.

**(5) <u>കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി.</u>**

കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന മരണാനന്തര ധനസഹായം പരമാവധി 3 ലക്ഷം രൂപയായും ചികിത്സാ ധനസഹായം പരമാവധി 1.25 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

**(6) <u>“ സ്നേഹതീരം” പദ്ധതി</u>.**

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊളിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്നതിന്

സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം വായ്പ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**(7) <u>നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും, ബാങ്കുകളിലെയും വായ്പാകുടിശ്ശിക കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ വകുപ്പ് ***നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി*** ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ച് തീർക്കാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു.

**(8) <u>സെമിസ് (CEMIS) സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി.</u>**

മെഡിസെപ് മാതൃകയിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മുഴുവൻ ജീവനക്കാരെയും വിരമിച്ച ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായി രൂപീകരിച്ച് സ്റ്റാറ്റ്യൂട്ടറിയായി മെഡിസെപ്പ് പദ്ധതിയുടെ പ്ലാറ്റ്ഫോമിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

**(9)<u>"കുടുംബത്തിനൊരു കരുതൽധനം" നിക്ഷേപ പദ്ധതി</u>**

പ്രകൃതി ദുരന്തങ്ങളിലും മഹാമാരിയിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളെ അത്തരം അടിയന്തിര സാഹചര്യങ്ങളെ അതിജീവിക്കുവാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങൾക്കും ഇടപാടുകാർക്കും വേണ്ടി നടപ്പാക്കുന്ന ഒരു പ്രത്യേക നിക്ഷേപ പദ്ധതിയാണ് "കുടുംബത്തിനൊരു കരുതൽധനം" നിക്ഷേപ പദ്ധതി. ടി പദ്ധതി

പൈലറ്റായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

**(10) <u>സഹകരണം സൗഹൃദം. (ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി).</u>**

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക് / അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ വരെ വായ്പാ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

**(11) <u>സൗരജ്യോതി പദ്ധതി</u>**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സോളാർ സൗരോർജ്ജ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വരെ വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**(12) <u>"സഹായ ഹസ്തം" പദ്ധതി</u>**

സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരമാവധി 20000/- രൂപ വരെ വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി "സഹായ ഹസ്തം" എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്.

**(13) <u>ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി</u>**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**(14) <u>സഹകാരി സാന്ത്വനം പദ്ധതി</u>**

സഹകരണ രംഗത്ത് വളരെക്കാലമായി പ്രവർത്തിച്ചിട്ടുള്ളവരും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്കായി പ്രവർത്തിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും നിരാലംബരുമായ സഹകാരികൾക്ക് ചികിൽസക്കായി പരമാവധി 50,000 രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗത്തിന്/ ആശ്രിതർക്ക് പരമാവധി 25,000 രൂപയും അനുവദിക്കുന്നു.

**(15) <u>നൈപുണ്യ വായ്പാ പദ്ധതി</u>**

വിവിധ നൈപുണ്യ കോഴ്സുകളിൽ ചേരുന്നവർക്ക് കോഴ്സ് ഫീസ് വായ്പയായി അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ യുവാക്കളെ സഹകരണ പ്രസ്ഥാനത്തിലേക്ക് അടുപ്പിക്കുന്നതിന് വഴിയൊരുക്കുന്നു.

**(16) <u>പുനർജ്ജനി പദ്ധതി</u>**

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിലൂടെ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയിൽ 2022-23 വർഷം 15 പട്ടികജാതി- പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് 299.61 ലക്ഷം രൂപയും , 2023-24 വർഷം ഇതു വരെ 8 പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 185.17 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**(17) <u>പാലിയേറ്റീവ് കെയർ പദ്ധതി.</u>**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാസൗകര്യവും പരിചരണവും ലഭിക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.

**(18) <u>യുവ സംരംഭകർക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി.</u>**

ബഹു. കേരളാ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിലും പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണമേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവനദാതാക്കൾക്കുമായി സംസ്ഥാനത്ത് നിലവിൽ വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 27 യുവ സഹകരണ സംഘങ്ങൾക്കായി ആകെ 270 ലക്ഷം രൂപ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച് നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളുടെ സഹകരണമേഖലയിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, അവരിലൂടെ നൂതന സംരംഭങ്ങൾ നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട്, സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി-പട്ടികവർഗ്ഗ യുവസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(19) <u>സഹകരണ എക്സ്പോ</u>**

കേരള സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായും 2023 ഏപ്രിൽ 22 മുതൽ 30 വരെ 9 ദിവസങ്ങളിലായും വളരെ മികവാർന്ന

രീതിയിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. എക്സ്പോയിലൂടെ സഹകരണ മേഖലയിലെ എല്ലാ ഉല്പാദക സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ,ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവയും ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.

**(20) <u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>**

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന കൃഷി നടപ്പിലാക്കുന്ന ടി പദ്ധതിയിലൂടെ 14 ജില്ലകളിലുമായി 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിന് സംഘങ്ങളുടെ പൊതുഫണ്ടിൽ നിന്നും പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു.ഇതിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. . ഈ പദ്ധതി മുഖേന 7354 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**(21) <u>നമ്മുടെ കൃഷി നമ്മുടെ ഭക്ഷണം</u>**

ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന പദ്ധതി 2023ൽ ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്യുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. ഈ പദ്ധതി വഴി 14 ജില്ലകളിലുമായി നാളിതു വരെ 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

**(22) <u>നെറ്റ് സീറോ എമിഷൻ പദ്ധതി</u>**

‘മാലിന്യമുക്ത കേരളം’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് “നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ” നടപ്പിലാക്കുന്നു. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളസ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

**(23) <u>കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (കാപ്കോസ്)</u>**

സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണവും സംസ്കരണവും പ്രധാന പ്രവർത്തനോദ്ദേശമായി 27.08.2021 തീയതിയിൽ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (കാപ്കോസ്) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളാണ്.

**(24) <u>ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്</u>**

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങളുടെ 450-ൽപ്പരം ഉൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പ് വരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവട് വയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്. സംസ്ഥാനത്തെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ

സംഘങ്ങളുടെ ഗുണമേന്മയുള്ള വിവിധ ഉത്പന്നങ്ങൾ കോപ്കേരള **(coopkerala)** ബ്രാന്റോടുകൂടിയാണ് ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ രാജ്യത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നത്.

**(25) <u>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം</u>**

2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**(26) <u>'പി.എ.സി.എസ്. വഴി പഞ്ചായത്ത് മുൻസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ, പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള ധനസഹായം'</u>**

2021-22 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള ടി പദ്ധതിയിലൂടെ 12 സഹകരണ സംഘങ്ങൾക്ക് ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 113.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**(27) <u>കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതി</u>**

2021-22 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച **ടി** പദ്ധതിയിൽ ഉൾപ്പെടുത്തി 4 സഹകരണ സംഘങ്ങൾക്ക് കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 100.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**(28) <u>'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (CITA).</u>**

| | | | |
|---|---|---|---|
| | | | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുസരിച്ച്, കൃഷിയുടെയും അനുബന്ധ മേഖലകളുടെയുടെയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാ പ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകി കൊണ്ട് 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് '**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (CITA).** ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും 21 സഹകരണ സംഘങ്ങൾക്കായി 750.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3450.00 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.<br><br>**(29) <u>സഹകരണ പരീക്ഷാ ബോർഡിന്റെ നവീകരണം</u>**<br><br>2022-23 സാമ്പത്തിക വർഷം **സഹകരണ പരീക്ഷാ ബോർഡിന്റെ നവീകരണത്തിനായി** ആരംഭിച്ച ടി പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം 20.00 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 12.40 ലക്ഷം രൂപ ധനസഹായമായി സഹകരണ പരീക്ഷാ ബോർഡിന് അനുവദിച്ചിരുന്നു.<br><br>**(30) <u>സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം,വിപണനം,കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായം.</u>**<br><br>2023-24 സാമ്പത്തിക വർഷം സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണിത്. ടി പദ്ധതിക്കായി 750.00 ലക്ഷം രൂപയാണ് സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.<br><br>**(31) <u>സംസ്ഥാന ആഡിറ്റ് ഡയറക്ടേറ്റിന്റെയും ജില്ലാ ആഫീസുകളുടെയും നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി</u>**<br><br>ടി പുതിയ പദ്ധതി പ്രകാരം 500.00 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിലൂടെ സഹകരണ മേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങളും നേട്ടങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | സഹകരണ മേഖലക്ക് ലഭിച്ച അംഗീകാരങ്ങളും നേട്ടങ്ങളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

**കേരള ബാങ്കിന്റെ നേട്ടങ്ങളും ലഭിച്ച അംഗീകാരങ്ങളും**

- അന്തർദേശീയ സഹകരണ സഖ്യവും (International Co-operative Alliance) European Research Institute on Cooperative and Social Enterprise (Euricse) മായി ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01.12.2022 ന് പ്രസിദ്ധീകരിച്ച **World Co-operative Monitor** റിപ്പോർട്ട് പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turnover/GDP per capita അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് **ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചത്.**
- കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കേരള ബാങ്ക് രൂപീകരണത്തിലൂടെ ലോക സഹകരണ പ്രസ്ഥാനത്തിൽ കേരളത്തിന് ഇടം പിടിക്കാൻ അവസരം ലഭിച്ചു.
- **ഇൻഡസ്ട്രിയൽ യൂട്ടിലിറ്റി വിഭാഗത്തിൽ Uralungal Labour Contract Co-operative Society (ULCCS) മൂന്നാം സ്ഥാനത്താണ്.** കഴിഞ്ഞ 3 തവണകളായി സംഘം ഈ സ്ഥാനം നിലനിർത്തുന്നു.
- ഇന്ത്യയിൽ നിന്നും 16 സംഘങ്ങളാണ് ടി 300 സംഘങ്ങളുടെ പട്ടികയിൽ സ്ഥാനം നേടിയത്. ആയതിൽ കേരളത്തിൽ നിന്നുമാണ് 2 എണ്ണമെന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഏറെ അഭിമാനകരമാണ്.
- ദേശീയ തലത്തിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ **ഏറ്റവും മികച്ച സഹകരണ ബാങ്കിനുള്ള NAFSCOB ന്റെ അവാർഡ്** കേരള ബാങ്കിന് ലഭിക്കുകയുണ്ടായി. അവാർഡുകൾ 2023 സെപ്റ്റംബർ 26 ന് Jaipur ൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ഏറ്റുവാങ്ങി.

**സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗിന്റെ ഭാഗമായി സംഘടിപ്പിച്ച സഹകരണ എക്സ്പോ -** രണ്ട് എഡിഷനുകളിലൂടെയും സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ എന്നിവയും ജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.<br><br>**അന്തർദേശീയ ട്രേഡ് ഫെയർ-** ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ച് 2023 നവംബർ 14 മുതൽ 27 വരെ നടന്ന അന്തർദേശീയ ട്രേഡ് ഫെയർ ( IITF-2023 ) ൽ സഹകരണ വകുപ്പ് ഒരുക്കിയ തീം സ്റ്റാളിന് ഒന്നാം സ്ഥാനം ലഭിച്ചു.<br><br>**സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി** -സർക്കാരിനും സഹകരണ വകുപ്പിനും ഒരു അഭിമാന പദ്ധതിയായി മാറിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ സഹകരണ സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ്മയിൽ തികഞ്ഞ സാമൂഹിക പ്രതിബദ്ധതയോടെ നടപ്പിലാക്കിയ ടി പദ്ധതിയെ ദേശീയ തലത്തിലുള്ള സ്കോച്ച് അവാർഡ്-2022 നായി തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ